"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ് - വിമുക്തഭടന്മാർക്ക്/വിധവകൾക്ക് ഭവനനിർമ്മാണ ഗ്രാന്റ് അനുവദിക്കുന്നത് - പദ്ധതി വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സൈനിക ക്ഷേമ (എ) വകുപ്പ്

സ.ഉ.(കൈ) നം.1/2026/SWD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം. 58/78/പൊ.ഭ.വ. തീയതി, 24.01.1978.
2. സ.ഉ.(കൈ) നം. 52/2004/HSG തീയതി, 20.10.2004.
3. സ.ഉ.(കൈ) നം. 192/2011/പൊ.ഭ.വ. തീയതി, 01.06.2011.
4. സ.ഉ.(കൈ) നം. 24/2012/പൊ.ഭ.വ. തീയതി, 03.02.2012.
5. സ.ഉ.(കൈ) നം. 301/2017/പൊ.ഭ.വ. തീയതി, 25.09.2017.
6. സ.ഉ.(കൈ) നം. 11/2018/പൊ.ഭ.വ. തീയതി, 11.01.2018.
7. സൈനിക ക്ഷേമ ഡയറക്ടറുടെ 19.06.2024-ലെ ഡി.എസ്.ഡബ്ല്യൂ/140/2023-ബി6 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം സൈനിക ഓപ്പറേഷന്റെ ഭാഗമായോ, ഡ്യൂട്ടിയിലിരിക്കെ സംഭവിച്ച അപകടം നിമിത്തമോ സംഭവിച്ച ശാരീരിക അംഗപരിമിതി കാരണം ബോർഡ് ഔട്ട് ആയ വിമുക്തഭടന്മാർക്കും, സേവനത്തിലിരിക്കെ സേവനത്തിന്റെ ഭാഗമായുള്ള ചുറ്റുപാടുകളിൽ നിന്നും സംഭവിച്ചതോ അത് കാരണം അധികരിച്ചതോ ആയ രോഗം കാരണം ബോർഡ് ഔട്ട് ആയ വിമുക്തഭടന്മാർക്കും സ്വന്തമായി ഭവനം ഇല്ലാത്ത പക്ഷം ഭവനം നിർമ്മിക്കുന്നതിനായുള്ള ഭവന നിർമ്മാണ പദ്ധതിക്കായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2,3,4,5 എന്നീ ഉത്തരവുകൾ പ്രകാരം ഭവനനിർമ്മാണത്തിനുള്ള വരുമാന പരിധിയും, ഗ്രാന്റും കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

വരുമാന പരിധിയിൽ കാലികമായ വർദ്ധനവ് വരുത്താത്തതിനാലും നിലവിലെ ചട്ടങ്ങൾക്ക് വിധേയരായ അപേക്ഷകരുടെ കുറവ് മൂലവും ഭവനനിർമ്മാണ ഗ്രാന്റിനായി വകയിരുത്തിയ തുക വിനിയോഗിക്കപ്പെടാതെ വരുന്ന സാഹചര്യത്തിൽ ഭവനനിർമ്മാണ ഗ്രാന്റിന്റെ നിലവിലെ പദ്ധതി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി പരാമർശം 7 പ്രകാരം സൈനിക ക്ഷേമ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിമുക്തഭടന്മാർക്ക്/വിധവകൾക്ക് വേണ്ടിയുള്ള ഭവനനിർമ്മാണ ഗ്രാന്റിന്റെ നിലവിലെ ചട്ടങ്ങളിൽ ചുവടെ ചേർക്കുംപ്രകാരം ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

1. ഭവനനിർമ്മാണ ഗ്രാന്റിന് അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയിൽ നിന്നും 7 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു.
2. ഭവന നിർമ്മാണത്തിനുള്ള ഭൂമി വിമുക്തഭടന്റെ/വിധവയുടെ/വിമുക്തഭടന്റെയും ഭാര്യയുടെയും അല്ലെങ്കിൽ ഭർത്താവിന്റെയും പേരിലുള്ളതായിരിക്കണം.
3. മൂന്ന് സെന്റിൽ കുറയാത്ത ഭൂമിയിൽ വീട് വയ്ക്കുന്നതിനോ, പൂർത്തീകരിച്ച/ഭാഗികമായി പൂർത്തീകരിച്ച വീട് വാങ്ങുന്നതിനോ ഗ്രാന്റ് അനുവദിക്കുന്നതാണ്.
4. സൈനിക സേവനത്തിലിരിക്കേ ഭവനനിർമ്മാണം ആരംഭിച്ച എങ്കിലും പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് വിടുതൽ ചെയ്യപ്പെട്ടതിന് ശേഷമോ/മരണപ്പെട്ടതിന് ശേഷമോ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി വിമുക്തഭടന്/വിധവയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നതാണ്.
5. സേനയിൽ നിന്നും വിടുതൽ ചെയ്തതിന് ശേഷം അല്ലെങ്കിൽ സേവനത്തിലിരിക്കെ മരണപ്പെട്ടതിനുശേഷം അഞ്ച് വർഷത്തിനുള്ളിൽ വിമുക്തഭടൻ അല്ലെങ്കിൽ വിധവ ഭവനനിർമ്മാണ ഗ്രാന്റിനായുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.
6. നിലവിലുള്ള ഭവനത്തിന്റെ പ്രധാനപ്പെട്ട അറ്റകുറ്റപ്പണികൾക്കോ കൂട്ടിച്ചേർക്കലുകൾക്കോ ഭവനനിർമ്മാണ ഗ്രാന്റ് അനുവദിക്കുന്നതാണ്.

വിമുക്തഭടന്മാർക്ക്/വിധവകൾക്ക് ഭവന നിർമ്മാണ പദ്ധതിക്കായുള്ള തുടർനടപടികൾ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. പരാമർശ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. സ്റ്റേഷൻ കമാൻഡർ, മിലിട്ടറി സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സ്, പാങ്ങോട്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സൈനിക ക്ഷേമ ആഫീസർമാർക്കും (സൈനിക ക്ഷേമ ഡയറക്ടർ മുഖാന്തരം).
6. ധനകാര്യ വകുപ്പ് (31.01.2025-ലെ E-2592788 EXP-D4/148/2023-FIN പ്രകാരം).
7. ഭവന നിർമാണ (എ ) വകുപ്പ്
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ